**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 837** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തോടുള്ള അവഗണന കാരണം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഉന്നമനത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളിൽ കുറവുണ്ടാകുമോ; വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഉന്നമനത്തിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ സംസ്ഥാന സർക്കാർ ആവശ്യാനുസരണം തുക വകയിരുത്തുന്നുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും വകുപ്പിന് ലഭ്യമാക്കേണ്ട ഫണ്ടുകൾ യഥാവിധം ലഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. കേന്ദ്ര വിഹിതത്തിൽ കുറവ് ഉണ്ടാകുമ്പോൾ അതിനുള്ള വിടവ് നികത്തുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ അവഗണന കാരണം പട്ടികജാതി,പട്ടികവർഗ്ഗ മേഖലയിൽ സർക്കാർ നടത്തുവാനുദ്ദേശിച്ചിരുന്ന വികസന, ക്ഷേമ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുമോ; വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി മേഖലയിൽ സംസ്ഥാന സർക്കാർ നടത്തുവാനുദ്ദേശിച്ചിരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുകയില്ല. പട്ടികജാതി വിഭാഗക്കാരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. ആയതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പ മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഫലപ്രദമായി ഇടപെടുന്നതിനാൽ പട്ടികവർഗ്ഗ മേഖലയിലെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഫണ്ടിന്റെ അപര്യാപ്തത മൂലം മന്ദഗതിയിലാകുന്ന സ്ഥിതിവിശേഷം നിലവിലില്ല. ഏതെങ്കിലും കാരണവശാൽ കേന്ദ്രവിഹിതം ലഭ്യമല്ലാത്ത സാഹചര്യമുണ്ടായാൽ സംസ്ഥാന ഫണ്ട് ടി ആവശ്യത്തിനായി ഉപയോഗിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്രവിഹിതത്തിൽ കുറവുള്ളപ്പോഴും ഈ വിഭാഗങ്ങൾക്കുള്ള ക്ഷേമ കാര്യ പ്രവർത്തനങ്ങൾ യാതൊരു കുറവും വരുത്താതെ മുന്നോട്ടു കൊണ്ടു പോകുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (സി) | നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന പദ്ധതികളാണ്. കേന്ദ്ര പദ്ധതിയായ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് യോഗ്യതാ മാനദണ്ഡം രണ്ടര ലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ വരുമാന പരിധിയില്ലാതെയാണ് സ്കോളർഷിപ്പ് അനുവദിച്ച് വരുന്നത്. ഇതിനായി സംസ്ഥാന സർക്കാർ വലിയ സാമ്പത്തിക ബാധ്യതയാണ് ഏറ്റെടുത്തിട്ടുള്ളത്. മാത്രമല്ല 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന ടി പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ കേന്ദ്ര സംസ്ഥാന ഫണ്ട് അനുപാതം 60:40 അനുപാതമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലും സംസ്ഥാന സർക്കാർ തുക വിനിയോഗം ചെയ്യുന്നുണ്ട്. കൂടാതെ, മുൻവർഷങ്ങളിൽ യഥാർത്ഥത്തിൽ കേന്ദ്ര സർക്കാർ നൽകേണ്ടിയിരുന്ന തുക ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സംസ്ഥാന സർക്കാരാണ് കണ്ടെത്തി വിദ്യാർത്ഥികൾക്ക് നൽകിയത്. സംസ്ഥാനവിഷ്കൃത പദ്ധതിയിൽ വിദ്യാഭ്യാസം, തൊഴിൽ, നൈപുണ്യ പരിശീലനം, സ്വയം തൊഴിൽ, വിദേശ തൊഴിൽ, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യവും ധനസഹായവും കൂടുതൽ പ്രോത്സാഹനവും നൽകി വരുന്നുണ്ട്. കേന്ദ്ര വിഹിതത്തിൽ കുറവുണ്ടാകുകയാണെങ്കിലും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമകാര്യങ്ങളിൽ തടസ്സമുണ്ടാകാതിരിക്കുവാൻ സംസ്ഥാന സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കേന്ദ്ര ഫണ്ട് അനുവദിക്കുന്നതിന് തടസ്സമുണ്ടാകുകയോ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയ്ക്ക് തുക ലഭ്യമാകാതിരിക്കുകയോ കുറവ് വരുകയോ ചെയ്താൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുത്തിയ കോർപ്പസ് ഫണ്ടിൽ നിന്നും നിർണ്ണായക വിടവുകൾ നികത്തുന്നതിന് ഫണ്ട് അനുവദിക്കുകയും തുടർ വർഷങ്ങളിൽ പദ്ധതി പരിശോധിച്ച് പ്രത്യേക സംസ്ഥാന പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ